LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്രസ് ഹൈവേ കടന്നുപോകുന്ന കുന്ദമംഗലത്തെ സ്ഥലങ്ങൾ

63 [679] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേ കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ ഏതൊക്കെ ഭാഗത്തുകൂടി കടന്നുപോകുന്നു;

(ബി) ഇതിനുവേണ്ടി ഈ മണ്ഡലത്തിലെ എത്ര വീടുകളും സ്ഥാപനങ്ങളും കുടിയൊഴിപ്പിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡ് കടന്നുപോകുന്ന സർവെ നമ്പറുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിശദമായ പഠനത്തിനുശേഷം മാത്രമേ റൂട്ട് സ്ഥിരപ്പെടുത്തുകയുള്ളൂ.

(ബി ആന്റ് സി) വിശദമായ പദ്ധതി രേഖ തയ്യാറാക്കിയാൽ മാത്രമേ എത്ര വീടുകളും സ്ഥാപനങ്ങളും കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്ന് വ്യക്തമാക്കാൻ കഴിയൂ. അതിനുശേഷം മാത്രമേ സർവ്വേ നമ്പറുകൾ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

സംസ്ഥാനത്തെ റോഡു വികസനം

64 [680] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും തരത്തിലുള്ള സ്കീം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം-കന്യാകുമാരി റോഡ് നാലുവരിപ്പാതയാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ദേശീയപാതയിൽ വരുന്ന റോഡു വികസനത്തിനായി ഏകദേശം 210 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനത്തെ റോഡുവികസനത്തിനായി ലോക ബാങ്ക്, നബാർഡ് എന്നിവയുടെ ധനസഹായത്തോടെയുള്ള റോഡുവികസന പരിപാടികൾ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. മാത്രവുമല്ല ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് റോഡുകളുടെ വീതികൂട്ടലും ബലപ്പെടുത്തലും നടത്തുന്നുണ്ട്. ഇതു കൂടാതെ പ്രധാന നഗരപ്രദേശങ്ങളുടെ വികസനത്തിനായി പ്രത്യേക പാക്കേജും, തലസ്ഥാന നഗരിയുടെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.